"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സർക്കാർ വകുപ്പുകൾ / ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / സർക്കാർ ധന സഹായം കൈപ്പറ്റുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയോടനുബന്ധിച്ചുള്ള അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നത് - പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്

സ. ഉ. (അ) നം. 91/2023/ധന. തീയതി, തിരുവനന്തപുരം, 19.08.2023

ഉത്തരവ്

സർക്കാർ വകുപ്പുകളും സർക്കാർ ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളും സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയ്ക്കായി പൊതുസൗകര്യങ്ങൾ നിലനിൽക്കേ നക്ഷത്ര ഹോട്ടലുകൾ അടക്കമുള്ള അങ്ങേയറ്റം ചെലവേറിയ സൗകര്യങ്ങൾ ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ഇതുമായി ബന്ധപ്പെട്ട അനാവശ്യ ചെലവുകൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ചുവടെച്ചേർക്കുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. സർക്കാർ വകുപ്പുകൾ / ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / സർക്കാർ ധന സഹായം കൈപ്പറ്റുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുമ്പോൾ തങ്ങൾക്ക് കീഴിലുള്ള സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. അത്തരം സംവിധാനങ്ങൾ അപര്യാപ്തമാവുന്ന ഘട്ടത്തിൽ സർക്കാർ വകുപ്പുകളുടെയോ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടേയോ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടേയോ, പൊതുമേഖല സ്ഥാപനങ്ങളുടേയോ മറ്റ് സർക്കാർ നിയന്ത്രിത/ സർക്കാർ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടേയോ കീഴിലുള്ള സംവിധാനങ്ങൾ മാത്രം ഉപയോഗപ്പെടുത്തേണ്ടതാണ്.

II. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി സംഘടിപ്പിക്കുന്ന പരിപാടികളുടെ ചെലവുകൾ മുൻകൂറുകൾ settle ചെയ്യുന്നതിൽ വരുത്തുന്ന കാലതാമസത്തിന് സർക്കാർ

കാലാകാലങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

III. അനിവാര്യവും തീർത്തും ഒഴിവാക്കുവാൻ പറ്റാത്തതുമായ സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി തലത്തിൽ മേൽ വ്യവസ്ഥയിൽ ഇളവ് അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രബീന്ദ്ര കുമാർ അഗർവാൾ
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി / കണ്ണൂർ/ കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/ മലയാളം സർവ്വകലാശാല/ ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല/ ഫിഷറീസ് സർവ്വകലാശാല/ കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി, സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
എല്ലാ കമ്മീഷനുകളുടെ സെക്രട്ടറിമാർക്കും.
എല്ലാ സർക്കാർ കമ്പനികളുടെയും / ബോർഡുകൾ/ കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E- 2495913-SS-3/25/2023-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ